പി.റ്റി(3)6108/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തിയതി: 15/10/2020
Email:keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel :No:04712330726

## സർക്കുലർ നമ്പർ-71/2020

വിഷയം:- 67-മത് സഹകരണ വാരാഘോഷം സംഘടിപ്പിക്കുന്നത് - മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്.

സൂചന:- 1) ദേശീയ സഹകരണ യൂണിയന്റെ NCUI/PR/67-AICW/2020 നമ്പർ കത്ത്.
2)സംസ്ഥാന സഹകരണ യൂണിയന്റെ 12/10/2020 ലെ PR/3954/2020 നമ്പർ കത്ത്.

67-മത് അഖിലേന്ത്യാ സഹകരണ വാരാഘോഷം ദേശീയ സഹകരണ യൂണിയന്റെ ആഹ്വാനപ്രകാരം 2020 നവംബർ 14 മുതൽ 20 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആഘോഷിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ വാരാഘോഷത്തിന്റെ പ്രമേയം കോവിഡ് മഹാമാരി-ആത്മ നിർഭർ ഭാരത്-സഹകരണ പ്രസ്ഥാനം (COVID Pandemic-Atmanirbhar Bharat-Co-operatives) എന്നാണ്.

67-മത് അഖിലേന്ത്യാ സഹകരണ വാരാഘോഷ ദിനങ്ങളുടെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

14.11.2020 Post Covid-19, Role and Responsibility of Co-operatives.
(സഹകരണ പ്രസ്ഥാനത്തിന്റെ കോവിഡാനന്തര കർത്തവ്യവും ഉത്തരവാദിത്വവും)

15.11.2020 Co-operative Marketing, Consumers, Processing Value Addition.
(സഹകരണ വിപണനം, ഉപഭോക്താക്കൾ, സംസ്കരണവും മൂല്യവർദ്ധനവും)

16.11.2020 Re-orienting Training and Education through Online communication
(ഓൺലൈൻ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള നവീകരണ പരിശീലനവും വിദ്യാഭ്യാസവും)

17.11.2020 Strengthening Co-operation among Co-operatives.
(സഹകാരികൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തൽ )

18.11.2020 Skill Development to Re-employ the Job/Business Loaser/Victims.
(തൊഴിൽ/വ്യാപാരം നഷ്ടപ്പെട്ടവർക്ക് വീണ്ടും തൊഴിൽലഭ്യതയ്ക്ക് വേണ്ടി-യുള്ള നൈപുണ്യ വികസനം)

19.11.2020 Co-operatives for Youth, Women and Weaker sections.
(യുവാക്കൾ,സ്ത്രീകൾ,ദുർബല വിഭാഗങ്ങൾ എന്നിവർക്കായുള്ള സഹകരണ സ്ഥാപനങ്ങൾ)

20.11.2020 Financial Inclusion, Digitalization and Social Media Through Co- operatives.
(സാമ്പത്തികം ഉൾപ്പെടുത്തലും, ഡിജിറ്റലൈസേഷനും സമൂഹമാദ്ധ്യമങ്ങളും- സഹകരണ പ്രസ്ഥാനത്തിലൂടെ)

മേൽ പറഞ്ഞ ദിനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, അപ്പക്സ് സ്ഥാപനങ്ങൾ, സർക്കിൾ സഹകരണ യൂണിയനുകൾ അവരവരുടെ പ്രവർത്തന പരിധിയിൽപ്പെട്ട സംഘങ്ങളുമായി യോജിച്ച് നവംബർ 14 ന് പതാക ഉയർത്തി സഹകരണ പ്രതിജ്ഞ ചൊല്ലേണ്ടതാണ്. കൂടാതെ സഹകരണ വാരാഘോഷത്തിന്റെ ഓരോ ദിനവും കണക്കിലെടുത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വെബിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

സഹകരണ വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും, സംസ്ഥാനതല സമാപനവും തിരുവനന്തപുരത്തുനിന്നും ഓൺലൈനിലൂടെയാണ് സംഘടിപ്പിക്കുന്നത്. ഈ പരിപാടിയിൽ സംസ്ഥാനത്തെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട മുഴുവനാളുകളേയും പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ നവംബർ 14 മുതൽ 20 വരെ എല്ലാ സഹകരണ സ്ഥാപനങ്ങളും അലങ്കരിച്ച് ഈ ദിനത്തിന്റെ പ്രാധാന്യം പൊതുജന ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. ഉദ്ഘാടന പരിപാടി പൊതുജനങ്ങൾക്ക് കാണുന്നതിനു വേണ്ടിയുള്ള പ്രത്യേക സൗകര്യങ്ങൾ സഹകരണ സ്ഥാപനങ്ങൾ ഒരുക്കേണ്ടതാണ്. ഇത് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തേണ്ടതും നിരീക്ഷണത്തിനായി അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ സൂപ്രണ്ടുമാർക്ക് ചുമതല നൽകേണ്ടതുമാണ്.

(ഒപ്പ്)
ഡോ.നരസിംഹുഗരി ടി.എൽ റെഡ്ഡി ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി,സംസ്ഥാന സഹകരണ യൂണിയൻ
2. ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടേറ്റ്, തിരുവനന്തപുരം
3. ജനറൽ മാനേജർ ,കേരളാ ബാങ്ക്
4. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5. എല്ലാ ജോയിന്റ്ഡയറക്ടർ(ആഡിറ്റ് )മാർക്കും
6. പ്രസിഡന്റ്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്
7. എല്ലാ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ/ സെക്രട്ടറിമാർക്കും (ജോയിന്റ്രജിസ്ട്രാർ(ജനറൽ) മുഖാന്തിരം
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
9. അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
10. സ്റ്റോക്ക് ഫയൽ.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി.റ്റി/പി.റ്റി)